# കുടുംബശ്രീ

## സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ

## സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്




സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങളെ അതിജീവിച്ചവർക്കുള്ള പിന്തുണയും സഹായവും 24 മണിക്കൂറും ഉറപ്പുവരുത്തുന്ന സെന്ററാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമപരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കുറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിങ്ങ് സേവനവും ലഭ്യമാണ്. വിവിധ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ കൗൺസിലിങ്ങ് പിന്തുണയും നൽകുന്നു. വിവിധ സർക്കാർ സർക്കാരിതര വകുപ്പുകളും ഏജൻസികളുമായും സംയോജിച്ചാണ് സ്നേഹിത പ്രവർത്തനങ്ങൾ നടത്തുന്നത്.

**ലക്ഷ്യം**

1. സമൂഹത്തിൽ ഒറ്റപ്പെട്ടവരും, നിരാലംബരും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന ഒരു ഇടമായിരിക്കും ഈ കേന്ദ്രം.
2. സഹായം അഭ്യർത്ഥിച്ചു വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക.
3. മാനസികവും ശാരീരികവുമായ അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവശ്യഘട്ടങ്ങളിൽ താത്ക്കാലിക അഭയകേന്ദ്രമായി പ്രവർത്തിക്കുക
   അതിക്രമത്തിനിരയായവരെ പ്രശ്നങ്ങളെ നേരിടുന്നതിന് മാനസികമായി സജ്ജരാക്കുക. സമത്വത്തെക്കുറിച്ചും അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും അവബോധമുള്ളവരാക്കുക.
4. മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് അവശ്യ സന്ദർഭങ്ങളിൽ ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ-സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ).

ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക പരിശീലനകളരികളും, ബോധവത്ക്കരണ ക്ലാസ്സുകളും, കൗൺസിലിംഗും നൽകുക

5. ഉപജീവനത്തിന് ആവശ്യമായ വ്യത്യസ്ത വൈദഗ്ദ്ധ്യങ്ങൾ നേടാൻ സഹായിക്കുകയും അവരുടെ വൈദഗ്ദ്ധ്യങ്ങൾക്ക് അനുസരിച്ച് ജീവിത നൈപുണ്യ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

## ജെൻഡർ റിസോഴ്സ് സെന്റർ

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 467 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.

### ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- തദ്ദേശ സ്വയം ഭരണ പ്രദേശത്തെ വിവിധ സ്ത്രീശാക്തീകരണലിംഗ നീതി - ഉറപ്പാക്കൽ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നല്കുന്ന ഒരു കേന്ദ്രം
- ഭരണ ക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുക
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനും വിധേയരാക്കപ്പെട്ടവർക്ക് എല്ലാ പിന്തുണയും നൽകുക
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ആവശ്യമായ സാഹചര്യത്തിൽ വനിത ഘടക പദ്ധതികളുടെ രൂപികരണത്തിനും നടപ്പിലാക്കലിനും വേണ്ട നേതൃത്വവും നൽകുക.

## സ്നേഹിത കോളിംഗ് ബെൽ

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരേയും, മുതിർന്ന പൗരൻമാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളേയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് 'സ്നേഹിത കോളിംഗ് ബെൽ'. പൊതു സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു താമസിക്കുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും വിവരങ്ങൾ ശേഖരിക്കുകയും അയൽക്കൂട്ട അംഗങ്ങൾ ഇവരുമായി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18 വർഷത്തിൽ കാസർഗോഡ് സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്കിന്റെ

നേതൃത്വത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ. ഒരു അയൽക്കൂട്ട പരിധിയിൽ ഒറ്റപ്പെട്ടു താമസിക്കുന്ന ആളുകളെ കണ്ടെത്തി അയൽക്കൂട്ട ആരോഗ്യദായക വോളന്റിയറുടെ നേതൃത്വത്തിൽ അവർക്കാവശ്യമായ പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടുകൂടി കാസർകോഡ് ജില്ലാമിഷൻ ഈ പദ്ധതി നടപ്പിലാക്കി. 2018-19 വർഷം ഈ പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. കേരളത്തിലെ പതിനാല് ജില്ലകളിൽ നിന്നുമായി 56,687 പിന്തുണ സ്വീകർത്താക്കളെ ഈ പ്രവർത്തനത്തിലൂടെ കണ്ടെത്തി. ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ, ആശ്രയാ പദ്ധതിയിൽ ഉൾപ്പെടുത്തൽ, പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ, കമ്മ്യൂണിറ്റി കൗൺസിലറുടെയും സ്നേഹിതാ ഉദ്യോഗസ്ഥരുടേയും സ്ഥിരം സന്ദർശനം, പകൽ വീടുമായി ബന്ധപ്പെടുത്തൽ തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

1. സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന എല്ലാ വിഭാഗം വ്യക്തികളുടേയും സുരക്ഷ ഉറപ്പാക്കുക.
   വീടുകളിൽ ഒറ്റയ്ക്കു താമസിക്കുന്ന വ്യക്തികളുമായും മുതിർന്ന പൗരൻമാരുമായും വൃദ്ധദമ്പതികളുമായും സംവദിക്കുകയും ആശ്വാസം നൽകുകയും ചെയ്യുക.
   ഒറ്റപ്പെടലിൽ നിന്നും മുക്തമാക്കുക. പൊതുസമൂഹവുമായി ബന്ധിപ്പിക്കുക.
2. ഒറ്റപ്പെട്ട് കഴിയുന്നവരിൽ- സ്ത്രീകളെ കുടുംബശ്രീ അയൽക്കൂട്ടമായും, യുവജനങ്ങളെ സമീപത്തുള്ള വായനശാല/സാംസ്കാരിക സ്ഥാപനങ്ങളുമായും, വൃദ്ധജനങ്ങളെ വയോജനഅയൽക്കൂട്ടമായും, പകൽ വീടുകളുമായും ബന്ധപ്പെടുത്തുക. അത്തരം കേന്ദ്രങ്ങളിൽ മാനസികോല്ലാസത്തിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
3. ഉപജീവന മാർഗ്ഗങ്ങളിൽ ഏർപ്പെടാൻ കഴിയുന്നവർക്ക് അതിനുള്ള പ്രേരണയും പരിശീലനവും നൽകുക.
   60 വയസ്സ് കഴിഞ്ഞവരെ തൊട്ടടുത്തുള്ള വയോജന അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുക
   വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധിപ്പിക്കുക.

## വിജിലന്റ് ഗ്രൂപ്പ്

അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉള്ള ഗ്രൂപ്പുകളാണ് വിജിലന്റ് ഗ്രൂപ്പ്. സംസ്ഥാനത്താകമാനം 17,894 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു. അതിക്രമങ്ങൾ ചൂഷണങ്ങൾ എന്നിവ നേരിടുന്നവർക്ക് കുടുംബശ്രീ സേവന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി ആവശ്യമായ സേവനങ്ങളും പിന്തുണയും നൽകുന്നതിനുള്ള ഒരു സ്വയം സജ്ജ വാളണ്ടിയർ ഗ്രൂപ്പായാണ്

വിജിലന്റ് ഗ്രൂപ്പ്. ഇവർക്കായി സംസ്ഥാന ജില്ലാ തലങ്ങളിൽ പ്രാപ്തി വർദ്ധനവിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുമായി സംയോജിച്ചാണ് നടത്തുന്നത്. പ്രശ്നങ്ങൾ നേരിടുന്നവർക്കും അതിജീവിച്ചവർക്കും അടിയന്തരഘട്ടത്തിൽ ആവശ്യമായ സാമൂഹിക മാനസിക പിന്തുണ നൽകാൻ വിജിലന്റ് ഗ്രൂപ്പ് പ്രവർത്തകർക്ക് സാധിക്കും.

## കമ്മ്യൂണിറ്റി കൗൺസിലിംഗ്



പ്രാദേശിക തലത്തിൽ മാനസിക പിന്തുണ സംവിധാനവും സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി വിന്യസിച്ചു. 3 സി.ഡി.എസ്സുകൾക്ക് ഒരാൾ എന്ന നിലയിൽ ആണ് കുടുംബശ്രീ അംഗങ്ങളിൽ നിന്നും തന്നെ കമ്മ്യൂണിറ്റി കൗൺസിലർമാരെ തിരഞ്ഞെടുത്തിരിക്കുന്നത്. 350 കമ്മ്യൂണിറ്റി കൗൺസിലർമാർ ആണ് ഇപ്പോൾ നിലവിലുള്ളത്. ഇവരുടെ സേവനം പ്രാദേശികമായി ലഭ്യമാക്കി വരുന്നതിനോടൊപ്പം തന്നെ ജെൻഡർ റിസോഴ്സ് സെന്ററുകളിലും രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രശ്നങ്ങളിൽ ആവശ്യമായ പിന്തുണയും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നൽകി വരുന്നു. അവബോധ ക്ലാസ്സുകൾ, ഗ്രൂപ്പ് കൗൺസിലിങ്ങ് വ്യക്തിഗത കൗൺസിലിങ്ങ് എന്നിവ നൽകുകുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുമായി ചേർന്ന് നൽകുകയും ചെയ്ത് വരുന്നു. അതോടൊപ്പം തന്നെ വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾക്ക് പ്രീ-മാരിറ്റൽ കൗൺസിലിംഗുകളും, ആരോഗ്യകരമായ ആൺ-പെൺ സൗഹൃദങ്ങൾ വളർന്നു വരുന്നതിനനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉതകുന്ന രീതിയിൽ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബഡ്സ് സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾ, വയോജനങ്ങൾ തുടങ്ങിയവർക്കുള്ള മാനസിക പിന്തുണ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ തുടങ്ങിയവയും ചെയ്തു വരുന്നു.

## രംഗശ്രീ

കേരളത്തിൽ ഉടനീളം പ്രവർത്തിക്കുന്ന സ്ത്രീകൾ മാത്രം അംഗങ്ങളായ തിയേറ്റർ ഗ്രൂപ്പുകൾ സ്ഥാപിക്കുകയും അതുവഴി സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ ഇടം കൂടുതൽ ശക്തമാക്കുകയും ചെയ്യുക എന്നതാണ് രംഗശ്രീയിലൂടെ ലക്ഷ്യമിടുന്നത്. സാംസ്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും, കൂടാതെ ജനോപകാരപ്രദമായ പരിപാടികളും

ബോധവത്കരണവും നടത്തുന്നതിനും കുടുംബശ്രീ കമ്മ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീ ടീമുകളെ ഉപയോഗപ്പെടുത്തി വരുന്നു. കുടുംബശ്രീ വനിതകളായ 37 പേരെ നാടകാവതരണം, തിരക്കഥാ രൂപീകരണം, കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റി. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ എറണാകുളം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ, മലപ്പുറം ജില്ലകളിലെ പ്രവർത്തകരെയാണ് ഇതിനായി തിരഞ്ഞെടുത്തത്. മാസ്റ്റർ പരിശീലകരുടെ നേതൃത്വത്തിൽ ജില്ലയിലെ 2 വീതം സി.ഡി.എസ്സുകളിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് സി.ഡി.എസ് തലത്തിൽ പരിശീലനം നൽകി. ഇന്ന് പതിനാല് ജില്ലകളിൽ കമ്മ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പുകൾ കുടുംബശ്രീക്ക് കീഴിൽ പ്രവർത്തിക്കുന്നു. ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളുമായി ചേർന്ന് രംഗശ്രീ കേരളത്തിലുടനീളം വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നവ കേരള ലോട്ടറി, നാഷണൽ ഹെൽത്ത് മിഷൻ, എനർജി മാനേജ്മെന്റ് സെൽ, ഇലക്ഷൻ കമ്മീഷൻ തുടങ്ങിയവരുമായി സംയോജിച്ചുള്ള പരിപാടികളും എം.കെ.എസ്.പി, പി.എം.എ.വൈ തുടങ്ങിയ കുടുംബശ്രീ പദ്ധതികളുമായി ബന്ധപ്പെട്ടും തെരുവ് നാടകങ്ങൾ രംഗശ്രീ ടീം അംഗങ്ങൾ സംഘടിപ്പിച്ചു.

## പ്രത്യാശ പദ്ധതി

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ച് വരുന്ന ഉപജീവന ഉപാധിയാണ് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾസമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര . ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബശ്രീ സ്ത്രീകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുകയും സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുകയും ആണ് പ്രത്യാശ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

### പ്രധാന ലക്ഷ്യങ്ങൾ

1. സാമ്പത്തികവും സാമൂഹികപരവുമായ സ്ത്രീശാക്തീകരണവും ഉന്നമനവും.
2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ അവരുടെ കഴിവിനൊത്ത വിധമുള്ള തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുകയും ചെയ്യുക.
3. നൂതനമായ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുക.

### ഗുണഭോക്താക്കൾ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന അശരണർ, വൃദ്ധർ, ഭിന്നലിംഗക്കാർ, ഗാർഹിക പീഡനത്തിനും

അതിക്രമങ്ങൾക്കും ഇരയായവർ, അവിവാഹിതരായ അമ്മമാർ, കിടപ്പുരോഗികൾ മാനസിക വെല്ലുവിളികൾ നേരിടുന്നവർ / അവരുടെ / സംരക്ഷകർ, വിധവകൾ, ആശ്രയ ഗുണഭോക്താക്കൾ, വികലാംഗർ, ബഡ്സ് സ്കൂൾ കുട്ടികളുടെ അമ്മമാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ

**പ്രോജക്ട് പദ്ധതി തുക -**

- **വ്യക്തിഗത സംരംഭം - സംരംഭം ആരംഭിക്കുന്നതിന് പരമാവധി 50,000/- രൂപ പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ടായി ലഭിക്കും.**
- **ഗ്രൂപ്പ് സംരംഭം - ഒരംഗത്തിന് 50,000/- രൂപ എന്ന നിലയിൽ പരമാവധി 2.5ലക്ഷം രൂപ ലഭിക്കും.**

## സാന്ത്വനം

ആരോഗ്യപരിപാലന രംഗത്ത് അനുകരണീയമായ ഒരു സംരംഭ മാതൃകയാണ് കുടുംബശ്രീയുടെ 'സാന്ത്വനം' പദ്ധതി. പൊതുജനങ്ങൾക്കിടയിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുന്നതും രക്തപരിശോധനയ്ക്കായി ക്ലിനിക്കുകളിലേക്ക് യാത്ര ചെയ്യേണ്ടി വരുന്നത് അനിവാര്യവുമായിത്തീർന്ന സാഹചര്യത്തിലാണ് സാധാരണക്കാർക്ക് തുണയാകുന്ന ഈ പദ്ധതി കുടുംബശ്രീ അവതരിപ്പിച്ചത്. വീടുകളിലെത്തി രക്ത പരിശോധന ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകാനും ഇതുവഴി കേരള സമൂഹം നേരിടുന്ന ഒരു പ്രധാന പ്രശ്നത്തിനുള്ള പരിഹാരം സ്ത്രീകളുടെ ഉപജീവനത്തിനുള്ള അവസരമാക്കി മാറ്റാനുമാണ് സാന്ത്വനം എന്ന ഈ ബൃഹത് പദ്ധതി 2006ൽ കുടുംബശ്രീ വിഭാവനം ചെയ്തത്.

കുടുംബശ്രീയും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത സംഘടനയായ ഹെൽത്ത് ആക്ഷൻ ബൈ പീപ്പിളും (HAP) ചേർന്നാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. പത്താം തരം വിജയിച്ച, സംരംഭം തുടങ്ങാൻ താത്പര്യമുള്ള സ്ത്രീകൾക്ക് ഏഴ് ദിവസത്തെ മികച്ച പരിശീലനം നൽകുന്നു. ഉയരം, ശരീരഭാരം, ബോഡി മാസ് ഇൻഡക്സ്, രക്തസമ്മർദ്ദം, രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ്, കൊളസ്ട്രോൾ എന്നിവ അളക്കാൻ പഠിപ്പിച്ച് ഉപകരണങ്ങളും നൽകുന്നു. രക്തക്കുഴലിലേക്ക് സൂചി കയറ്റിയല്ല, മറിച്ച് വിരൽത്തുമ്പിൽ നിന്ന് രക്തം എടുത്ത് പരിശോധിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെയാണ് സാന്ത്വനം വോളന്റിയമാർമാർ സേവനം നൽകുന്നത്.

എണ്ണത്തിൽ കുറവാണെങ്കിലും തങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ വളരെ കാര്യക്ഷതമയോടെയും കൃത്യനിഷ്ഠയോടെയും പ്രവർത്തിക്കുന്ന സാന്ത്വനം അംഗങ്ങൾക്ക് മികച്ച വരുമാനമാണ് ഇപ്പോൾ ലഭിക്കുന്നത്. ഓരോ സേവനത്തിനും ചെറിയ ഫീസ് വാങ്ങിയാണ് ഇവർ വരുമാനം കണ്ടെത്തുന്നത്. സേവനസ്വീകർത്താവിനെ സംബന്ധിച്ചിടത്തോളം ഇഷ്ടമുള്ളപ്പോൾ

വീട്ടിൽത്തന്നെ സേവനം ലഭിക്കുമെന്നതിനാൽ യാത്രാക്കൂലി ഉൾപ്പെടെ വലിയ ചെലവ് കുറയ്ക്കാൻ സാധിക്കുന്നു. പ്രതിമാസം ശരാശരി 20,000 രൂപ ഒരു സാന്ത്വനം വോളന്റിയർക്ക് വരുമാനമായി ലഭിക്കുന്നവെന്നത് കഴിഞ്ഞ 10 വർഷം കൊണ്ട് ഇവർ പ്രവർത്തനത്തിലൂടെ നേടിയെടുത്ത വിശ്വാസ്യതയുടെയും ഇവർക്ക് പ്രാദേശികതലത്തിലുള്ള സ്വീകാര്യതയുടെയും പ്രതിഫലനമാണ്.

ഇപ്പോൾ 356 സാന്ത്വനം വോളന്റിയർമാർ കേരളത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ ഓരോ തദ്ദേശസ്ഥാപനത്തിലും ഒരു വോളന്റിയറെങ്കിലും വേണമെന്ന ഞങ്ങളുടെ ലക്ഷ്യം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. 297 പേരാണ് കഴിഞ്ഞ 2 വർഷമായി പരിശീലനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചത്

വോളന്റിയർമാരുടെ ലിസ്റ്റും പ്രവർത്തനമേഖലയും http://www.kudumbashree.org/pages/557 എന്ന ലിങ്കിൽ ലഭിക്കും.